# STD - IX

## അദ്ധ്യാപക സഹായി

**പാഠം - പന്ത്രണ്ട്　　　നാം വളരുന്ന സമൂഹം　　　ഭാഗം - ഒന്ന്**

### ലക്ഷ്യം

ദൈവരാജ്യം നമ്മുടെ സമൂഹത്തിൽ രൂപപ്പെടാനും വളരുവാനും സഭയുടെ ശുശ്രൂഷകളിൽ സജീവമായി പങ്കുചേരണം.

സഭയുടെ ശുശ്രൂഷകളിൽ പങ്കുചേർന്നുകൊണ്ട് ദൈവരാജ്യ നിർമ്മിതിക്കായി ഞാൻ പരിശ്രമിക്കും.

### പഠനസഹായികൾ

* വചനം - അപ്പ. പ്രവ. 4:32-35; 2:42; 6:3, മലാക്കി.2:7, സങ്കീ. 23:1, ഫിലി. 2:4, 1 പത്രോ. 5:4, ഹെബ്രാ. 13:20
* ബി.സി.സി.യുടെ മുദ്രാവാക്യം - ചാർട്ട്

### പാഠത്തിന്റെ ഉള്ളടക്കം

* ജറുസലെമിൽ സഭ വളരാൻ തുടങ്ങിയപ്പോൾ ദൈവവചന പ്രഘോഷണത്തിൽ വ്യാപൃതരായിരുന്ന അപ്പസ്തോലന്മാർക്ക് സഭാംഗങ്ങളുടെ വിവിധ ആവശ്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിഞ്ഞില്ല. അതിനാൽ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ ഡീക്കന്മാരെ ഈ ശുശ്രൂഷകൾ ചെയ്യാൻ വേണ്ടി നിയമിച്ചു.
* ദൈവവചനത്തിൽ നിന്ന് ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിച്ച ഡീക്കന്മാർ സഭയുടെ വളർച്ചയ്ക്ക് ആക്കം കൂട്ടി. കാലാന്തരത്തിൽ വ്യത്യസ്ത പ്രസ്ഥാനങ്ങളും സംഘടനകളും സഭയിൽ രൂപാന്തരപ്പെട്ടു.
* ബി.സി.സി.യുടെ ഉത്ഭവം, വളർച്ച
* ബി.സി.സി.യുടെ ലക്ഷ്യങ്ങൾ, പ്രവർത്തനരീതികൾ
* അജപാലന ശുശ്രൂഷ
* അജപാലന ശുശ്രൂഷയുടെ ഭാഗമായ മറ്റു ശുശ്രൂഷകൾ

### പ്രാർത്ഥന

ദൈവമേ, എന്റെ വാക്കിലൂടെയും പ്രവർത്തനങ്ങളിലൂടെയും ഈശോയ്ക്ക് സാക്ഷിയായി മാറുവാൻ എന്നെ അനുഗ്രഹിക്കണമേ, ആമേൻ.

## ചോദ്യങ്ങൾ

1. അജപാലന ശുശ്രൂഷ എന്നാൽ എന്ത്?
2. ബി.സി.സി.കളുടെ ലക്ഷ്യമെന്ത്? ബി.സി.സി.യുടെ ഉത്ഭവത്തെക്കുറിച്ച് കുറിപ്പെഴുതുക
3. ഡീക്കന്മാരെ തിരഞ്ഞെടുത്തത് എന്തിന്?
4. ബി.സി.സി.യുടെ മുദ്രാവാക്യം എന്താണ്?
5. അജപാലന ശുശ്രൂഷയുടെ പ്രസക്തിയെക്കുറിച്ച് നോട്ടെഴുതുക.

# STD - IX

## അദ്ധ്യാപക സഹായി

**പാഠം - പന്ത്രണ്ട്        നാം വളരുന്ന സമൂഹം        ഭാഗം - രണ്ട്**

### ലക്ഷ്യം

നമ്മുടെ എല്ലാ പ്രവർത്തനങ്ങളുടെയും അടിസ്ഥാന ലക്ഷ്യം യേശുവിന്റെ ദൈവരാജ്യ നിർമ്മിതിയായിരിക്കണം

എന്റെ വാക്കുകളും പ്രവർത്തനങ്ങളും ഈശോയ്ക്ക് സാക്ഷി ആകുന്ന തരത്തിലായിരിക്കും.

### പഠനസഹായികൾ

* വിദ്യാഭ്യാസ ശുശ്രൂഷയുടെ കർമ്മപരിപാടികൾ അടങ്ങുന്ന ചാർട്ട്
* സഭയിലെ വിവിധങ്ങളായ സാമൂഹിക ശുശ്രൂഷകൾ അടങ്ങുന്ന ചാർട്ട്.
* വചനം - വെളിപാട് 21:1

### പാഠത്തിന്റെ ഉള്ളടക്കം

* ദൈവജനത്തിന് ആവശ്യമായ അറിവ് പകർന്നുകൊണ്ട് അജ്ഞതയാകുന്ന ഇരുട്ടിൽ നിന്ന് ലോകത്തിന്റെ പ്രകാശമായ ക്രിസ്തുവിലേക്ക് ഏവരേയും നയിക്കുക എന്നതാണ് വിദ്യാഭ്യാസ ശുശ്രൂഷയുടെ അടിസ്ഥാനം
* ഭയത്തിന്റെയും അടിമത്തത്തിന്റെയും അധർമ്മത്തിന്റെയും ഭിത്തികൾ ഭേദിച്ച് സ്വാതന്ത്ര്യത്തിന്റെയും സാഹോദര്യത്തിന്റെയും സത്യത്തിന്റെയും വഴികളിൽ സഞ്ചരിക്കാൻ സഭാംഗങ്ങളെ സഹായിക്കുകയാണ് വിദ്യാഭ്യാസ ശുശ്രൂഷയുടെ ലക്ഷ്യം
* ക്രിസ്തുവിന്റെ മാതൃകയാണ് സഭയുടെ സാമൂഹിക ശുശ്രൂഷയുടെ അടിസ്ഥാനം
* സത്യത്തിലും സ്നേഹത്തിലും സമാധാനത്തിലും നീതിയിലും അധിഷ്ഠിതമായ സാമൂഹിക രൂപീകരണമാണ് സഭയുടെ സാമൂഹിക ശുശ്രൂഷയുടെ ലക്ഷ്യം
* ഭവനരഹിതർക്ക് ഭവനവും, തൊഴിൽരഹിതർക്ക് തൊഴിലും, രോഗികൾക്ക് ആതുര ശുശ്രൂഷയും, അനാഥത്വം അനുഭവിക്കുന്നവർക്ക് അഭയവും നൽകി സഭയുടെ സാമൂഹിക ശുശ്രൂഷകൾ മുന്നേറുന്നു. ഇതോടൊപ്പം മനുഷ്യവ്യക്തികളുടെ ദൈവദത്തമായ കഴിവുകൾ വികസിപ്പിക്കുന്നതിലും സഭ വ്യാപൃതമാണ്.

### പ്രാർത്ഥന

ദൈവമേ, സഭയുടെ വിവിധങ്ങളായ ശുശ്രൂഷകൾ മനസ്സിലാക്കി അതിൽ ആത്മാർത്ഥമായി പങ്കുചേർന്ന് ദൈവരാജ്യ നിർമ്മിതിക്കായി പ്രവർത്തിക്കാൻ എന്നെ സഹായിക്കണമേ, ആമേൻ.

## ചോദ്യങ്ങൾ

1. ജ്ഞാനത്തിന്റെ ആരംഭം എന്താണ്?
2. സാമൂഹിക ശുശ്രൂഷയുടെ ലക്ഷ്യം എന്ത്?
3. സഭയുടെ വ്യത്യസ്ത ശുശ്രൂഷകൾ എന്തെല്ലാം?
4. വിദ്യാഭ്യാസ ശുശ്രൂഷയുടെ അടിസ്ഥാനം എന്താണ്?
5. നിങ്ങളുടെ കുടുംബയോഗത്തിൽ പങ്കെടുത്ത് ആ യോഗത്തിൽ നടന്ന കാര്യങ്ങൾ ഉൾപ്പെടുത്തി ഒരു റിപ്പോർട്ട് തയ്യാറാക്കുക, ആധുനിക കാലഘട്ടത്തിൽ ബി.സി.സി. യിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തേണ്ടിയിരിക്കുന്നു?